## കേരള സർക്കാർ

# കേരള പൊതുവിപണി വില അവലോകനം

## നവംബർ

## 2019



## പ്രൈസസ് വിഭാഗം
## സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്
## തിരുവനന്തപുരം

## 2019

കേരള സർക്കാർ
**പിണറായി വിജയൻ**
മുഖ്യമന്ത്രി

നം.1360/പ്രസ്/സി.എം.ഒ/2017. നവംബർ 24, 2017

## സന്ദേശം

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് 'കേരള പൊതു വിപണി' എന്ന പേരിൽ 2017 നവംബർ മുതൽ ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. തൊട്ടു മുൻ മാസത്തെ വിപണി വിലയെ അവലോകനം ചെയ്തുകൊണ്ടുള്ള ഈ പ്രസിദ്ധീകരണത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

**പിണറായി വിജയൻ**

The Director General
Economic & Statistics Department
Vikas Bhavan, Thiruvananthapuram

141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം പിൻ 695 001
ഫോ 0471 2333241, 2333812, 2333610 ഫാ 0471 2333489 ഇ chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
വസതി ക്ലിഫ് ഹൗസ് ഫോ 0471 2318406, 2314853
www.keralacm.gov.in

# അവതാരിക

കേരളത്തിൽ പൊതുവിപണിയിൽ വിൽപ്പനക്കായി വരുന്ന സാധനങ്ങളിൽ ഭൂരിഭാഗവും ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്നവയാണ് ആയതിനാൽ വില നിയന്ത്രണത്തിൽ പലപ്പോഴും സംസ്ഥാനത്തിന് നിയന്ത്രിക്കാനാവാത്ത പല ഘടകങ്ങളും ഉണ്ടാവുന്നു.കാലാവസ്ഥാ വ്യതിയാനം ,സമരങ്ങൾ, ഇന്ധന വില വർദ്ധനവ് ,സംസ്ഥാനാന്തര ബന്ധങ്ങൾ ഇതര സംസ്ഥാനങ്ങളിലെ വിപണി ചാഞ്ചാട്ടങ്ങൾ ഇങ്ങനെ നിരവധി ഘടകങ്ങൾ കേരളത്തിലെ വിപണി വിലയെ സ്വാധിനിക്കുന്നു ഇക്കാരണങ്ങളാൽ വിപണി വിലയെ നിയന്ത്രിച്ചു നിർത്തുക എന്നുള്ളത് കേരളത്തിലെ ഏതൊരു സർക്കാരിനെയും സംബന്ധിച്ചിടത്തോളം വളരെ ശ്രമകരമായ ഒരു ജോലിയായി മാറുന്നു .ഈ സാഹചര്യത്തിൽ വിപണിയിൽ ഇടപെടുന്നതിനുവേണ്ടി ആവശ്യമായി വരുന്ന വിലനിലവാരം ശേഖരിച്ചു അവലോകനം നടത്തി സർക്കാരിന് നൽകുന്ന ഒരു ഉദ്യമമാണ് ഈ പ്രസിദ്ധികരണത്തിലൂടെ ലക്ഷ്യമിടുന്നത്.

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് സംസ്ഥാനത്തെ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള ഔദ്യോഗിക ഏജൻസിയാണ്. വകുപ്പിലെ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് പ്രൈസസ് വിഭാഗം വിലശേഖരണവും അതിന്റെ അപഗ്രഥനവും റിപ്പോർട്ടിങ്ങും ഈ വിഭാഗത്തിന്റെ ചുമതലയാണ് . വിവിധ ഇനം വിലകൾ ഈ വകുപ്പ് ശേഖരിച്ച് റിപ്പോർട്ട് ചെയ്യുന്നു. കാർഷിക വിളകളുടെ കൃഷിയിടത്തെ മൊത്ത , ചില്ലറ വിലകൾ, കമ്പോള മൊത്ത, ചില്ലറ വിലകൾ എന്നിവ ഇതിൽ പ്രധാനപ്പെട്ടവയാണ്. ഈ വില വിവരങ്ങൾ ഉപയോഗിച്ചു സംസ്ഥാനത്തെ സാധനങ്ങളുടെ വിലനിലവാരം അവലോകനം ചെയ്യുന്നതോടൊപ്പം, വിവിധ സൂചികകൾ തയ്യാറാക്കുകയും ചെയ്യുന്നു. (ഉപഭോക്തൃ വിലസൂചിക, കാർഷിക ഉൽപ്പന്നങ്ങളുടെ മൊത്ത വില സൂചിക, കർഷകരുടെ തുല്യതാ സൂചിക,)

സംസ്ഥാനത്തെ അവശ്യ സാധനങ്ങളുടെ വിലനിലവാരം മോണിററർ ചെയ്യുക എന്ന ഉദ്ദേശത്തോടെ ഈ വിഭാഗം 50 ഇനം അവശ്യ സാധനങ്ങളുടെ ചില്ലറ വിലകൾ ദിനംപ്രതി എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും ഏററവും കൂടുതൽ കച്ചവടം നടക്കുന്ന മാർക്കററിലെ, ഏററവും കൂടുതൽ കച്ചവടം നടക്കുന്ന കടകളിൽ നിന്നും ജില്ലകളിലെ വിലശേഖരണ ഉദ്യോഗസ്ഥർ മുഖേന ശേഖരിച്ച് വകുപ്പിലെ കമ്പ്യൂട്ടർ വിഭാഗം തയ്യാറാക്കിയ Online Software ലൂടെ വകുപ്പ് ആസ്ഥാനത്തു വച്ച് റിപ്പോർട്ട് തയ്യാറാക്കി വൈകുന്നേരത്തോടുകൂടി സർക്കാരിലേക്കും സിവിൽ സപ്ലൈസ് ,റിസർവ് ബാങ്ക്, കൺസ്യൂമർഫെഡ്, മററ് ഏജൻസികൾ എന്നിവർക്കും അയച്ചുകൊടുക്കുന്നു.

2004 മുതൽ വകുപ്പ് 'പ്രൈസ് ബുള്ളററിൻ' എന്ന പേരിൽ ഇംഗ്ലീഷിൽ പ്രസിദ്ധീകരണം എല്ലാ മാസവും പ്രസിദ്ധീകരിച്ചു വരുന്നു. ഔദ്യോഗിക ഭാഷ പൂർണ്ണമായും മാതൃഭാഷയിലേക്ക് മാറ്റുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായി ഈ വകുപ്പ് ഏറെറടുത്ത ഒരു ഉദ്യമമാണ് **'കേരള പൊതുവിപണി വില അവലോകനം'** എന്ന പ്രസിദ്ധീകരണം. പ്രൈസ് ബുള്ളററിനിൽ നിന്നും കാലികമായ മാററങ്ങൾ ഉൾക്കൊണ്ട് കൂടുതൽ പ്രാധാന്യമുള്ള ഇനങ്ങൾ ഉൾപ്പെടുത്തി ''കേരള പൊതുവിപണി വില അവലോകനം'' എന്ന പ്രസിദ്ധീകരണം 2017 നവംബർ മുതൽ വകുപ്പ് പുറത്തിറക്കുന്നു. ദിവസേന വില ശേഖരിക്കുന്ന 50 ഇനം അവശ്യ സാധനങ്ങൾ, അധിക ഇനങ്ങൾ, ആഴ്ചതോറും ശേഖരിക്കുന്ന 20 ഇനങ്ങൾ, പഴ വർഗ്ഗങ്ങൾ എന്നിവയിൽ നിന്നും പ്രാധാന്യമുള്ള ഇനങ്ങൾ തെരഞ്ഞെടുത്ത് അവയുടെ സംസ്ഥാന ശരാശരി വിലയാണ് പ്രസിദ്ധീകരണത്തിനായി ഉപയോഗിച്ചിരിക്കുന്നത്. പ്രൈസ് ബുള്ളററിനിൽ നിന്നും വ്യത്യസ്തമായി വില ശേഖരിക്കുന്ന എല്ലാ ദിവസത്തെയും വിലകളുടെയും മാസ ശരാശരിയാണു ഇവിടെ ഉപയോഗിച്ചിരിക്കുന്നത്.

സംസ്ഥാനത്തെ എല്ലാ ജില്ല വിപണികളിൽ നിന്നും, മൊത്ത, ചില്ലറ കച്ചവടക്കാരിൽ നിന്നും,, വിവിധ കേന്ദ്ര സംസ്ഥാന സർക്കാർ റിപ്പോർട്ടുകളിൽ നിന്നും വകുപ്പിന്റെ ഇൻവെസ്റ്റിഗേറ്റർമാരിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണു ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

ജില്ലകളിലെ പ്രൈസ് റിപ്പോർട്ടർമാരും ഇതുമായി ബന്ധപ്പെട്ട മററ് ഉദ്യോഗസ്ഥരും അവരുടെ കർത്തവ്യ നിർവഹണത്തിൽ അഭിനന്ദനം അർഹിക്കുന്നു.

വകുപ്പിലെ പ്രൈസസ് വിഭാഗം തയ്യാറാക്കിയ ഈ പ്രസിദ്ധീകരണത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ സ്വാഗതം ചെയ്യുന്നു.

(ഒപ്പ്)

തിരുവനന്തപുരം — വി. രാമചന്ദ്രൻ

23-12-2019 — ഡയറക്ടർ

## ആമുഖം

കാലാവസ്ഥ വ്യതിയാനം ഒരു സമൂഹത്തെയും സാധാരണ ജനത്തെയും എങ്ങിനെ ബാധിക്കുന്നു എന്നുള്ളതിന്റെ ഒരു നേർ സാക്ഷ്യപത്രമാണ് നിലവിൽ ഇന്ത്യ ഒട്ടാകെ അനുഭവപ്പെടുന്ന സവാളയുടെ വിലക്കയറ്റം. കാലംതെറ്റിപ്പെയ്യുന്ന മഴ പലപ്പോഴും കർഷകന്റെ സ്വപ്നങ്ങളെയാണ് തകർത്തുകളയുന്നത്. പക്ഷെ തകരുന്നത് കർഷകന്റെ മാത്രം സ്വപ്നങ്ങളല്ലെന്നും ഓരോ സാധാരണക്കാരന്റെയും ദൈനംദിന ജീവിത യാഥാർഥ്യങ്ങളെയും അത് ബാധിക്കുമെന്നുള്ള സത്യം നമ്മൾ തിരിച്ചറിയുകയാണ് .

ഇന്ത്യയിൽ ഉല്പാദിപ്പിക്കപ്പെടുന്ന സവാളയുടെ സിംഹഭാഗവും മഹാരാഷ്ട്ര, മധ്യപ്രദേശ്, കർണാടകം, എന്നീ സംസ്ഥാനങ്ങളിൽ നിന്നാണ്. ഇന്ത്യയുടെ മൊത്തം സവാള ഉല്പാദനത്തിന്റെ ഏതാണ്ട് 68 ശതമാനത്തോളം വരും ഈ മൂന്ന് സംസ്ഥാനങ്ങളുടെയും സംഭാവന. ആയതിനാൽ തന്നെ ഈ സംസ്ഥാനങ്ങളിൽ ഉണ്ടാവുന്ന കാലാവസ്ഥ വ്യതിയാനം ഇന്ത്യയുടെ മൊത്തം സവാള വിലയെത്തന്നെ നിയന്ത്രിക്കാൻ പര്യാപ്തമാണ്.

ഇന്ത്യയിലെ 38% സവാള ഉല്പാദിപ്പിക്കുന്ന മഹാരാഷ്ട്രയിൽ ഖാരിഫ് സീസണിലെ വിളവെടുപ്പ് സമയമായ ഒക്ടോബർ 1 മുതൽ നവംബർ പകുതി വരെയുള്ള കാലയളവിൽ സാധാരണ ലഭിക്കേണ്ടുന്ന മഴയുടെ ഇരട്ടിയിലധികമാണ് മഴ ലഭിച്ചത് 12 ശതമാനം ഉല്പാദിപ്പിക്കുന്ന കർണാടകയിൽ ഈ കാലയളവിൽ 65 ശതമാനം അധിക മഴ ലഭിച്ചു. ഈ മഴയിൽ മഹാരാഷ്ട്രയിൽ 58 ശതമാനവും കർണാടകയിൽ 12 ശതമാനത്തോളവും കൃഷി നശിച്ചു എന്നാണ് റിപ്പോർട്ട്.

കേന്ദ്ര കാർഷിക മന്ത്രാലയത്തിന്റെ ഹോർട്ടികൾച്ചർ വിളകളുടെ ആദ്യ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ 2018 -19-ൽ സവാളയുടെ ഉല്പാദനത്തിൽ കഴിഞ്ഞ വർഷത്തേക്കാൾ വർദ്ധനവാണ് പ്രവചിച്ചിരുന്നതെങ്കിലും ഒക്ടോബർ നവംബർ മാസങ്ങളിൽ പെയ്ത കനത്ത മഴ എല്ലാ സ്ഥിതി വിവര കണക്കുകളെയും തകിടം മറിച്ചു. നിലവിൽ സവാളയുടെ വില നാൾക്കുനാൾ കൂടിവരുന്ന ഒരു സ്ഥിതിയാണ്

എഫ് എ ഒ, യു എസ് ഡി എ ,ഐ ജി സി എന്നിവയുടെ ഏറ്റവും പുതിയ റിപ്പോർട്ട് പ്രകാരം ലോകത്തിലെ അരിയുടെ ഉത്പാദനത്തിൽ 2018-19 ലേതിനേക്കാൾ 2019-20-ൽ കുറവുണ്ടാവുമെന്നാണ് പ്രവചിക്കുന്നത് അതേസമയം ഉപഭോഗത്തിൽ കാര്യമായ വർദ്ധനവ് മൂന്ന് റിപ്പോർട്ടും സൂചിപ്പിക്കുന്നു വർഷാന്ത്യ നീക്കിയിരുപ്പ് എഫ് എ ഒ റിപ്പോർട്ടിൽ നേരിയൊരു കുറവ് കാണിക്കുമ്പോൾ യു എസ് ഡി എ ,ഐ ജി സി എന്നിവയുടെ റിപ്പോർട്ടിൽ വർദ്ധനവ് സൂചിപ്പിക്കുന്നു . ഐ ജി സി യുടെ അരിയുടെ കമ്മോഡിറ്റി പ്രൈസ് ഇൻഡക്സ് സപ്തംബർ മാസത്തെ നിരക്കായ 161.8 തന്നെയാണ് ഒക്ടോബറിലും നിലനിൽക്കുന്നത്. ഇന്ത്യയുടെ നെല്ല് ഉല്പാദനത്തിൽ 2019-20-ൽ 1 മില്യൺ ടണിന്റെ കുറവുണ്ടാവുമെന്നും അതേസമയം ആഭ്യന്തര ഉപഭോഗത്തിൽ ഏതാണ്ട് 2 മില്യൺ ടണിന്റെ വർദ്ധനവ് ഉണ്ടാവുമെന്നും റിപ്പോർട്ട് സൂചിപ്പിക്കുന്നു

2019 ഒക്ടോബർ മുതൽ 2020 സപ്തംബർ വരെയുള്ള സീസണിൽ 416 ലക്ഷം ടൺ നെല്ല് സംഭരിക്കാൻ ലക്ഷ്യമിട്ടതിൽ ഏറ്റവും ഒടുവിലത്തെ റിപ്പോർട്ട് പ്രകാരം എഫ് സി ഐയും സ്റ്റേറ്റ് ഏജൻസികൾ ഉൾപ്പെടെ 255-98 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട് ഏറ്റവും കൂടുതൽ സംഭരണം നടന്നത് പഞ്ചാബ് ,ഹരിയാന സംസ്ഥാനങ്ങളിൽ നിന്നാണ് യഥാക്രമം 162.28 ,64.07 ലക്ഷം ടൺ. കേരളത്തിൽ നിന്നും 1.08 ലക്ഷം ടൺ നെല്ല് ഇതുവരെയായി സംഭരിച്ചിട്ടുണ്ട്.

കേന്ദ്ര കാർഷിക മന്ത്രാലയത്തിന്റെ 29/11 -ലെ റിപ്പോർട്ട് പ്രകാരം റാബി സീസണിലെ കാർഷിക വിസ്തൃതിയിൽ നെൽകൃഷി ഏതാണ്ട് കഴിഞ്ഞ വർഷം ഇതേ കാലയളവിലെ സ്ഥിതി തുടരുമ്പോൾ പയർ വർഗ്ഗങ്ങളുടെ മൊത്തം വിസ്തൃതിയിൽ ഏതാണ്ട് 10 ശതമാനത്തിന്റെ കുറവ് കാണിക്കുന്നു.


## I. ധാന്യങ്ങൾ

അരിയുടെ വിലയിൽ കഴിഞ്ഞ മാസങ്ങളിൽ കണ്ടുവന്ന നേരിയ വർദ്ധനവ് പ്രതീക്ഷിച്ചതുപോലെതന്നെ നവംബർ മധ്യത്തോടെ അവസാനിച്ചു. നിലവിൽ വില സ്ഥിരത നിലനിർത്തുന്ന ഒരു പ്രവണതയാണ് വിപണിയിൽ കാണാൻ സാധിക്കുന്നത് .

അരിയുടെ നീക്കിയിരുപ്പിൽ നിലവിൽ യാതൊരു കുറവും ഇല്ലെന്നാണ് വിപണിയിൽ നിന്നുള്ള സൂചന.അത് പോലെത്തന്നെ നെല്ല് സംഭരണവും നല്ല രീതിയിൽ തന്നെയാണ് പുരോഗമിക്കുന്നത് .കഴിഞ്ഞ സീസണിലെ റെക്കോർഡ് സംഭരണത്തിന് ശേഷം ഒക്ടോബർ 1 നു ആരംഭിച്ച പുതിയ സീസണിൽ ഇതുവരെയായി ഇന്ത്യയിൽ മൊത്തം 255 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. ഇതിൽ പഞ്ചാബ് ,ഹരിയാന സംസ്ഥാനങ്ങളിൽ നിന്നാണ് സിംഹ ഭാഗവും സംഭരിച്ചിരിക്കുന്നത് കേരളത്തിൽ 1 .08 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്.

നിലവിൽ അരിയുടെ വിലയിൽ വർദ്ധനവിനുള്ള യാതൊരു സാധ്യതയും കാണുന്നില്ല

| നം | ഇനങ്ങൾ | അളവ് | നവംബർ 2018 | ഒക്ടോബർ 2019 | നവംബർ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 38.32 | 40.06 | 40.48 | 1.05 | 5.64 |
| 2 | ചമ്പ | കിലോഗ്രാം | 43.20 | 40.00 | 40.00 | 0.00 | -7.41 |
| 3 | റോസ് | കിലോഗ്രാം | 38.31 | 41.06 | 41.56 | 1.22 | 8.48 |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | 35.95 | 37.43 | 37.60 | 0.45 | 4.59 |
| 5 | ജയ | കിലോഗ്രാം | 35.76 | 37.55 | 37.98 | 1.15 | 6.21 |
| 6 | ഗോതമ്പ് | കിലോഗ്രാം | 34.38 | 34.81 | 35.58 | 2.21 | 3.49 |




## II. പയർ വർഗ്ഗങ്ങൾ

പയർ വർഗ്ഗങ്ങളിൽ ഉഴുന്നിന്റെ വില വർദ്ധനവ് അവലോകനമാസമായ നവംബറിലും തുടർന്നു.ഉഴുന്നിന്റെ വിലയിൽ കാര്യമായ വർദ്ധനവ് ഈ കാലയളവിൽ ഉണ്ടായി. ചെറുപയറിനും ചെറിയ തോതിൽ വില വർദ്ധിച്ചു .ഡിസംബറോടെ ഉഴുന്നിന്റെ വിലയിൽ സ്ഥിരത കൈവരിക്കാൻ സാധ്യത ഉണ്ടെന്നാണ് വിപണിയിൽ നിന്നുള്ള സൂചന.നാഫെഡിന്റെ ഏറ്റവും ഒടുവിലത്തെ റിപ്പോർട്ട് പ്രകാരം ചെറുപയർ 171000 മെട്രിക് ടൺ,ഉഴുന്ന് 2 ലക്ഷം മെട്രിക് ടൺ ,തുവര 2848 മെട്രിക് ടൺ കടല 164000 എന്നിങ്ങനെയാണ് പയർ വർഗ്ഗങ്ങളുടെ നീക്കിയിരുപ്പ്. ഡിസംബർ ആദ്യ വാരത്തോടെ കൂടുതൽ സ്റ്റോക്ക് വിപണിയിൽ എതാൻ സാധ്യത ഉണ്ടെന്നാണ് വിപണിയിൽ നിന്നുള്ള സൂചന. പൊതുവെ ഡിസംബറിൽ പയർ വർഗ്ഗങ്ങളുടെ വിലയിൽ കാര്യമായ വിലക്കയറ്റമില്ലാതെ ഏതാണ്ട് സ്ഥിരത നില നിർത്താനാണ് സാധ്യത

ഒക്ടോബർ-നവംബർ മാസങ്ങളിൽ ഉണ്ടായ മഴ, പയർ വർഗ്ഗങ്ങളുടെ കൃഷിയിൽ വ്യാപകമായ കൃഷി നാശം ഉണ്ടാക്കിയതായാണ് റിപ്പോർട്ട്. മഹാരാഷ്ട്രയിൽ ഏതാണ്ട് 30 ശതമാനത്തോളം കൃഷി നശിച്ചതായാണ് റിപ്പോർട്ട് .നിലവിൽ റാബി സീസണിലെ കാർഷിക വിസ്തൃതിയിലെ കുറവ് കുട്ടി പരിഗണിക്കുമ്പോൾ സമീപ ഭാവിയിൽ തന്നെ പയർ വർഗ്ഗങ്ങളുടെ വില വീണ്ടും വർദ്ധിക്കാൻ സാധ്യത ഉണ്ട്. നിലവിലെ സാഹചര്യത്തിൽ കൂടുതൽ പയർ വർഗ്ഗങ്ങൾ ഇറക്കുമതി ചെയ്താൽ മാത്രമേ വില നിയന്ത്രിച്ചു നിർത്താൻ സാധിക്കുകയുള്ളു

| നം | ഇനങ്ങൾ | അളവ് | നവംബർ 2018 | ഒക്ടോബർ 2019 | നവംബർ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 85.68 | 94.21 | 96.66 | 2.60 | 12.82 |
| 2 | ചെറുപയർ പരിഷ് | കിലോഗ്രാം | 90.28 | 97.82 | 99.93 | 2.16 | 10.69 |
| 3 | ഉഴുന്നു പരിഷ് | കിലോഗ്രാം | 86.58 | 99.20 | 122.96 | 23.95 | 42.02 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 84.85 | 94.84 | 115.67 | 21.96 | 36.32 |
| 5 | വൻപയർ | കിലോഗ്രാം | 68.37 | 83.75 | 83.99 | 0.29 | 22.85 |
| 6 | തുവരപരിഷ് | കിലോഗ്രാം | 82.88 | 98.36 | 98.63 | 0.27 | 19.00 |
| 7 | കടല(വലുത്) | കിലോഗ്രാം | 74.52 | 78.50 | 78.50 | 0.00 | 5.34 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 67.33 | 75.06 | 74.68 | -0.51 | 10.92 |
| 9 | പീസ് പരിഷ് | കിലോഗ്രാം | 62.31 | 70.90 | 69.85 | -1.48 | 12.10 |
| 10 | മസൂർ പരിഷ് | കിലോഗ്രാം | 70.12 | 72.77 | 73.42 | 0.89 | 4.71 |




## III . മററ് ഭക്ഷ്യ വസ്തുക്കൾ

അവലോകന മാസമായ നവംബറിൽ ഇറച്ചിക്കോഴി,കോഴിമുട്ട എന്നിവയുടെ വിലയിൽ വർദ്ധനവ് ഉണ്ടായി. സാധാരണയായി കൃസ്തുമസിനോട് അനുബന്ധിച്ച് മുട്ടയുടെ വിലവർദ്ധനവ് പതിവുള്ളതാണ് . ഡിസംബർ മധ്യത്തോടെ മുട്ടയുടെ വില കുറയാൻ ഇടയുണ്ടെന്നാണ് വിപണിയിൽ നിന്നുള്ള സൂചന.ഇറച്ചിക്കോഴിയുടെ വിലയിൽ മാസാവസാനം വിലസ്ഥിരത ദൃശ്യമായിരുന്നു ഡിസംബർ ആദ്യ ആഴ്ചകളിൽ വില കുറയുന്നതിനും മാസാവസാനം കൃസ്തുമസിനോട് അനുബന്ധിച്ച് വില അല്പം വർദ്ധിക്കാനും ഇടയുണ്ടെന്നാണ് വിപണിയിൽ നിന്നുള്ള സൂചന എങ്കിലും വലിയൊരു വില വർദ്ധനവ് പ്രതീക്ഷിക്കുന്നില്ല

പഞ്ചസാര, തേയില എന്നിവയുടെ വിലയിൽ സ്ഥിരത നിലനിർത്തി .ഡിസംബറിലും ഏതാണ്ട് ഇതേ സ്ഥിതി തന്നെ തുടരാനാണ് സാധ്യത. ടീ ബോർഡിന്റെ കണക്കു പ്രകാരം കേരളത്തിലെ തേയിലയുടെ ഉല്പാദനത്തിൽ കഴിഞ്ഞ വർഷം ഒക്ടോബറിൽ ഉള്ളതിനേക്കാൾ കുറവാണു ഈ വർഷം ഒക്ടോബറിലെ ഉത്പാദനം.

| നം | ഇനങ്ങൾ | അളവ് | നവംബർ 2018 | ഒക്ടോബർ 2019 | നവംബർ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 37.57 | 38.87 | 38.61 | -0.67 | 2.77 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 151.23 | 156.83 | 158.55 | 1.10 | 4.84 |
| 3 | ശർക്കര | കിലോഗ്രാം | 54.53 | 55.38 | 58.30 | 5.27 | 6.91 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 55.92 | 54.60 | 57.48 | 5.27 | 2.79 |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | 550.71 | 583.21 | 585.00 | 0.31 | 6.23 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 104.74 | 100.52 | 113.45 | 12.86 | 8.32 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 145.40 | 148.00 | 148.40 | 0.27 | 2.06 |
| 8 | കാപ്പിപൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 161.62 | 162.96 | 164.00 | 0.64 | 1.47 |




## IV. എണ്ണയും എണ്ണക്കുരുക്കളും

തേങ്ങയുടെയും വെളിച്ചെണ്ണയുടെയും വിലയിൽ അവലോകനമാസമായ നവംബറിൽ ചെറിയൊരു വർദ്ധനവ് തുടർന്നു.സാധാരണയായി ശബരിമല സീസണിൽ വിലക്കയറ്റം ഉണ്ടാവുന്നത് പതിവാണ് എന്നാൽ ഇത്തവണ. കാര്യമായ വിലക്കയറ്റം വിപണിയിൽ ദൃശ്യമല്ല . പൊതുവെ വെളിച്ചെണ്ണ വില വർദ്ധിക്കുന്നതിനുള്ള സാഹചര്യം നിലവിലുണ്ട്. പാമോയിലിന്റെ വിലയിൽ കാര്യമായ വിലക്കയറ്റം ദൃശ്യമാണ് ഇത് പൊതുവിൽ വെളിച്ചെണ്ണയുടെ വിലയിലും പ്രതിഫലിക്കാറുണ്ട് അടുത്ത മാസങ്ങളിൽ വെളിച്ചെണ്ണയുടെയും തേങ്ങയുടെയും വിലയിൽ വർദ്ധനവിനുള്ള സാധ്യത കാണുന്നു.

ഇന്റർനാഷണൽ കോക്കനട്ട് കമ്മ്യൂണിറ്റിയുടെ നവംബറിലെ കണക്ക് പ്രകാരം പ്രധാനപ്പെട്ട തേങ്ങ ഉത്പാദക രാജ്യങ്ങളിൽ എല്ലാം തന്നെ വെളിച്ചെണ്ണയുടെയും കൊപ്രയുടെയും വിലയിൽ വർദ്ധനവ് ദൃശ്യമാണ്.

പാമോയിലിന്റെ വിലയിൽ തുടർച്ചയായി വർദ്ധനവ് കാണുന്ന സാഹചര്യത്തിൽ മറ്റ് എണ്ണ ഇനങ്ങളിലും ഒരു വർദ്ധനവിനെ പ്രവണത ദൃശ്യമാണ്.

| നം | ഇനങ്ങൾ | അളവ് | നവംബർ 2018 | ഒക്ടോബർ 2019 | നവംബർ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഏണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | **175.89** | **185.13** | **185.31** | **0.10** | **5.36** |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | **155.13** | **155.50** | **154.00** | **-0.96** | **-0.73** |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | **96.98** | **99.31** | **100.15** | **0.85** | **3.27** |
| 4 | നല്ലെണ്ണ | ലിററർ | **198.24** | **210.21** | **208.00** | **-1.05** | **4.92** |
| 5 | കടുക് എണ്ണ | ലിററർ | **144.00** | **132.50** | **132.50** | **0.00** | **-7.99** |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | **96.86** | **98.79** | **98.99** | **0.20** | **2.20** |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | **98.60** | **99.46** | **99.77** | **0.31** | **1.19** |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | **174.48** | **182.07** | **183.67** | **0.88** | **5.27** |



## V.സുഗന്ധ വ്യഞ്ജനങ്ങൾ

അവലോകന മാസമായ നവംബറിൽ കഴിഞ്ഞ മാസങ്ങളിലേതു പോലെ തന്നെ ഉള്ളി ,വെളുത്തുള്ളി, മുളക് എന്നിവയുടെ വിലയിലാണ് വർദ്ധനവ് ദൃശ്യമായത് .ഇതിൽ ഉള്ളിയുടെ വിലയിൽ കാര്യമായ വർദ്ധനവ് ദൃശ്യമായിരുന്നു .ഇത് വീണ്ടും വർദ്ധിക്കാൻ ഇടയുണ്ടെന്നാണ് വിപണിയിൽ നിന്നുള്ള സുചന


മുളകിന്റെ ഉത്പാദനം ആന്ധ്രാപ്രദേശിലും, തെലുങ്കാനയിലും നല്ല രീതിയിൽ തന്നെ പുരോഗമിക്കുമ്പോൾ കർണാടകയിൽ വിള നാശം കാരണം ഈ സീസണിൽ ഉത്പാദനം കുറയാൻ സാധ്യത ഉണ്ടെന്നാണ് വിവരം പൊതുവിൽ ഡിസംബർ ആദ്യ ആഴ്ചയോടെ ഗുണ്ടുരിലെ നിന്നുള്ള പുതിയ മുളകിന്റെ സ്റ്റോക്ക് എത്തുന്നതോടെ വില കുറയാൻ ഇടയുണ്ടെന്നാണ് വിപണിയിൽ നിന്നുള്ള സൂചന

വെളുത്തുള്ളിയുടെ വിലയിൽ നിലവിലുള്ള പ്രവണത തുടരാനാണ് സാധ്യത

കുരുമുളകിന്റെ വിലയിൽ ചെറിയ ഏറ്റക്കുറച്ചിലുകളോടെ മാസാവസാസനം സ്ഥിരമായി നിലകൊണ്ടു. അടുത്ത മാസങ്ങളിലും കാര്യമായ വർദ്ധനവിന് സാധ്യതയില്ല ഇന്റർനാഷണൽ പെപ്പർ അസോസിയേഷന്റെ റിപ്പോർട്ട് പ്രകാരം കുരുമുളകിന്റെ വാർഷിക ശരാശരി ഉപഭോഗം 2-3 ശതമാനം വർദ്ധിക്കുമ്പോൾ ഉത്പാദനം 8-10 ശതമാനമാണ് വർദ്ധിക്കുന്നത് .അന്തരാഷ്ട്ര മാർക്കറ്റിൽ ഇന്ത്യൻ കുരുമുളക് ഗുണമേന്മയിൽ മെച്ചപ്പെട്ടതാണെങ്കിലും വിലകൂടിയ ഇന്ത്യൻ കുരുമുളകിന് വിലക്കുറവുള്ള വിയറ്റ്നാം, ഇന്തോനേഷ്യൻ ,മലേഷ്യൻ ,ശ്രീലങ്കൻ കുരുമുളകുമായിട്ടാണ് മത്സരിക്കേണ്ടി വരുന്നത്.

.

| നം | ഇനങ്ങൾ | അളവ് | നവംബർ 2018 | ഒക്ടോബർ 2019 | നവംബർ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| 1 | മല്ലി | കിലോഗ്രാം | 86.90 | 98.39 | 98.67 | 0.28 | 13.54 |
| 2 | മുളക് | കിലോഗ്രാം | 125.36 | 171.82 | 180.60 | 5.11 | 44.07 |
| 3 | ഉള്ളി | കിലോഗ്രാം | 53.91 | 63.36 | 93.09 | 46.92 | 72.68 |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | 166.50 | 143.57 | 146.69 | 2.17 | -11.90 |
| 5 | ജീരകം | 100 ഗ്രാം | 29.46 | 29.59 | 29.80 | 0.71 | 1.15 |
| 6 | കടുക് | 100 ഗ്രാം | 9.12 | 9.55 | 9.57 | 0.21 | 4.93 |
| 7 | ഉലുവ | 100 ഗ്രാം | 9.64 | 10.09 | 10.01 | -0.79 | 3.84 |
| 8 | മഞ്ഞൾ പൊടി | 100 ഗ്രാം | 18.47 | 18.59 | 18.74 | 0.81 | 1.46 |
| 9 | വെളുത്തുള്ളി | 100 ഗ്രാം | 6.51 | 21.09 | 21.87 | 3.70 | 235.94 |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | 462.48 | 406.00 | 398.92 | -1.74 | -13.74 |




## VI. കിഴങ്ങു വർഗ്ഗങ്ങൾ

കിഴങ്ങു വർഗ്ഗങ്ങളുടെ വിലയിൽ ഏതാണ്ട് സമ്മിശ്രമായ ഒരു പ്രവണതയാണ് അവലോകനമാസമായ നവംബറിൽ ദൃശ്യമായത് കാരറ്റ് ബീറ്റ്റൂട്ട്, .ഉരുളക്കിഴങ്ങ്, എന്നിവയുടെ വിലയിൽ വർദ്ധനവ് ദൃശ്യമായി. ഇവയുടെ വിലയിൽ യഥാക്രമം 8.50,18.40.13.50 ശതമാനത്തിന്റെ വർദ്ധനവ് ഉണ്ടായി. അതെ സമയം ചേമ്പിന്റെ വിലയിൽ 11.67 ശതമാനത്തിന്റെ കുറവ് അനുഭവപ്പെട്ടു,

കഴിഞ്ഞ വർഷത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ ഏതാണ്ട് എല്ലാ ഇനത്തിന്റെയും വിലയിൽ വർദ്ധനവ് ദൃശ്യമായിരുന്നു. ബീറ്റ്റൂട്ട് 37.45, കാരറ്റ് 7.44, ചേമ്പ് 5.31- ശതമാനത്തിന്റെ വർദ്ധനവ് ഉണ്ടായി

| നം | ഇനങ്ങൾ | അളവ് | നവംബർ 2018 | ഒക്ടോബർ 2019 | നവംബർ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | 34.25 | 34.05 | 33.47 | -1.70 | -2.28 |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | 26.72 | 26.83 | 27.03 | 0.75 | 1.16 |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | 33.99 | 30.73 | 34.97 | 13.80 | 2.88 |
| 4 | ചേമ്പ് | കിലോഗ്രാം | 50.68 | 60.42 | 53.37 | -11.67 | 5.31 |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | 32.42 | 41.07 | 44.56 | 8.50 | 37.45 |
| 6 | കാരററ് | കിലോഗ്രാം | 55.95 | 50.77 | 60.11 | 18.40 | 7.44 |



## VII. പച്ചക്കറി ഇനങ്ങൾ


അവലോകന മാസമായ നവംബറിൽ പച്ചക്കറി ഇനങ്ങളിലും പൊതുവെ സമ്മിശ്രമായ ഒരു പ്രവണതയാണ് ദൃശ്യമായത്. എടുത്തുപറയാവുന്നത് സവാളയുടെ വിലക്കയറ്റമാണ് . ഒക്ടോബർ- നവംബർ മാസങ്ങളിൽ ഉത്പാദക സംസ്ഥാനങ്ങളിൽ ഉണ്ടായ കനത്ത മഴ കാരണം സവാള കൃഷിയിൽ കനത്ത നാശമാണ് ഉണ്ടായത് .കേരളത്തിൽ ഏറ്റവും കൂടുതൽ സവാള വിൽപ്പനയ്ക്കെത്തുന്ന മഹാരാഷ്ട്രയിൽ 58 ശതമാനവും കർണാടകയിൽ 12 ശതമാനവും കൃഷിയും നശിച്ചതായാണ് റിപ്പോർട്ട് ഇത് കാരണം കേരളത്തിൽ സവാളയുടെ വരവ് നന്നേ കുറഞ്ഞതായാണ് വിപണിയിൽ നിന്നും ലഭിക്കുന്ന വിവരം .ഇത് വീണ്ടും വില വർദ്ധനവിനുള്ള സാഹചര്യമാണ് നിലനിൽക്കുന്നത്.

നവംബർ അവസാനത്തിൽ ചെറിയതോതിൽ കുറഞ്ഞു തുടങ്ങിയ സവാളയുടെ വില പിന്നീട് വീണ്ടും വർദ്ധിക്കാനുള്ള സാധ്യതയാണ് കാണുന്നത്. റാബി സീസണിലെ സവാള മാർക്കറ്റിൽ എത്തുന്നതോട് കൂടി മാർച്ച് മാസത്തോടെ സവാളയുടെ വില ശരിക്കും നിയന്ത്രണത്തിൽ ആവും.അതിനു മുമ്പേ ലേറ്റ് ഖാരിഫ് സീസണിലെ സവാളയും ഇറക്കുമതി സവാളയും ചേർന്നാൽ ഒരു പരിധി വരെ വില പിടിച്ചു നിർത്താവുന്നതാണ്. കേരളത്തിൽ പൊതുവെ ഇറക്കുമതി സവാളയ്ക്ക് ഡിമാന്റ് കുറവാണ് എങ്കിലും ഇത് വിലയെ പിടിച്ചു നിർത്താൻ സഹായിക്കുന്നതാണ്

തക്കാളിയുടെ വിലയിൽ വർദ്ധനവിന് ശേഷം അവലോകനമാസത്തിൽ കുറവ് അനുഭവപ്പെട്ടു.

പഴ വർഗ്ഗങ്ങളിൽ കണ്ട് വന്ന കുറവ് ഏത്തയ്ക്ക പച്ച ,വാഴയ്ക്ക എന്നിവയുടെ വിലയിലും പ്രതിഫലിച്ചു.

| നം | ഇനങ്ങൾ | അളവ് | നവംബർ 2018 | ഒക്ടോബർ 2019 | നവംബർ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | 24.23 | 47.48 | 74.97 | 57.90 | 209.41 |
| 2 | വഴുതന | കിലോഗ്രാം | 33.48 | 35.80 | 45.23 | 26.34 | 35.10 |
| 3 | മത്തങ്ങ | കിലോഗ്രാം | 19.14 | 23.66 | 25.87 | 9.34 | 35.16 |
| 4 | വെള്ളരിക്ക | കിലോഗ്രാം | 20.95 | 35.63 | 26.61 | -25.32 | 27.02 |
| 5 | വെണ്ടക്ക | കിലോഗ്രാം | 31.79 | 37.70 | 39.34 | 4.35 | 23.75 |
| 6 | ബീൻസ്(ഇംഗ്ലീഷ്) | കിലോഗ്രാം | 41.37 | 52.46 | 43.20 | -17.65 | 4.42 |
| 7 | വള്ളിപ്പയർ | കിലോഗ്രാം | 44.03 | 55.71 | 53.46 | -4.04 | 21.42 |
| 8 | കാബേജ് | കിലോഗ്രാം | 25.87 | 31.50 | 33.77 | 7.21 | 30.54 |
| 9 | പാവയ്ക്ക | കിലോഗ്രാം | 44.26 | 49.25 | 55.23 | 12.14 | 24.79 |
| 10 | കുമ്പളങ്ങ | കിലോഗ്രാം | 21.70 | 27.32 | 29.20 | 6.88 | 34.56 |
| 11 | പടവലങ്ങ | കിലോഗ്രാം | 31.23 | 37.89 | 39.27 | 3.64 | 25.74 |
| 12 | തക്കാളി | കിലോഗ്രാം | 21.41 | 36.86 | 31.23 | -15.27 | 45.87 |
| 13 | പച്ചമുളക് | 100 ഗ്രാം | 4.20 | 5.11 | 5.35 | 4.70 | 27.38 |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | 39.65 | 48.96 | 41.87 | -14.48 | 5.60 |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | 30.15 | 37.95 | 35.83 | -5.59 | 18.84 |




## VIII. പഴവർഗ്ഗങ്ങൾ

അവലോകനമാസമായ നവംബറിൽ പഴവർഗ്ഗങ്ങളിൽ പൊതുവെ വില കുറയുവാനുള്ള ഒരു പ്രവണത ദൃശ്യമായിരുന്നു. സീസൺ ആരംഭിച്ചതോടുകൂടി ഓറഞ്ചിന്റെ വിലയിൽ വിലക്കുറവ് ദൃശ്യമായി ഏത്തപ്പഴം ,വാഴപ്പഴം,മാങ്ങ എന്നിവയുടെ വിലയിൽ വിലക്കുറവ് ദൃശ്യമായിരുന്നു.

പൊതുവെ പഴവർഗ്ഗങ്ങളും സീസണാണ് ഇപ്പോൾ നിലവിലുള്ളത് മിക്കവാറും ഇനങ്ങൾക്ക് വിലക്കുറവ് അനുഭവപ്പെടുന്നുണ്ട്,എല്ലാ ഇനം വാഴപ്പഴങ്ങളുടെയും വിലയിൽ കാര്യമായ കുറവ് ദൃശ്യമാണ് . നിലവിൽ മാങ്ങ, നീലം എന്ന ഇനമാണ് മാർക്കറ്റിൽ കാണുന്നത് .ഏത്തപ്പഴത്തിന്റെ വിലയിലും അവലോകന മാസത്തിൽ കുറവുണ്ടായി

.


| നം | ഇനങ്ങൾ | അളവ് | നവംബർ 2018 | ഒക്ടോബർ 2019 | നവംബർ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്(സിട്രസ്) | കിലോഗ്രാം | 54.91 | 73.63 | 65.45 | -11.11 | 19.20 |
| 2 | മുസമ്പി | കിലോഗ്രാം | 59.23 | 73.97 | 90.27 | 22.04 | 52.41 |
| 3 | മാതളം | കിലോഗ്രാം | 105.50 | 128.54 | 120.58 | -6.19 | 14.29 |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | 109.60 | 104.38 | 106.00 | 1.55 | -3.28 |
| 5 | ഏത്തപ്പഴം | കിലോഗ്രാം | 46.05 | 59.30 | 50.22 | -15.31 | 9.06 |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | 31.17 | 36.86 | 31.30 | -15.08 | 0.42 |
| 7 | വാഴപ്പഴം രസകദളി | കിലോഗ്രാം | 52.84 | 58.50 | 47.41 | -18.96 | -10.28 |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | 48.11 | 57.18 | 52.17 | -8.76 | 8.44 |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | 27.41 | 33.65 | 30.63 | -8.97 | 11.75 |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | 100.00 | 109.96 | 103.33 | -6.03 | 3.33 |
| 11 | തണ്ണിമത്തൻ(കിരൺ) | കിലോഗ്രാം | 31.04 | 23.96 | 25.64 | 7.01 | -17.40 |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | 83.39 | 87.98 | 85.69 | -2.60 | 2.76 |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | 72.18 | 79.77 | 78.09 | -2.11 | 8.19 |



## IX. ഭക്ഷ്യേതര വസ്തുക്കൾ

അവലോകനമാസമായ നവംബറിൽ ഈ ഇനത്തിൽ പൊതുവെ നിർമ്മാണമേഖലയിലെ മാന്ദ്യം നിഴലിച്ചുകാണാം. മാസങ്ങളായി സിമന്റിന്റെയും സ്റ്റീലിന്റെയും വില ഏതാണ്ട് സ്ഥിരത നിലനിർത്തുകയാണ് .ഡിസംബറിലും ചെറിയ ഏറ്റക്കുറച്ചിലുകളോടെ വില സ്ഥിരത നിലനിർത്താനാണ് സാധ്യത

| നം | ഇനങ്ങൾ | അളവ് | നവംബർ 2018 | ഒക്ടോബർ 2019 | നവംബർ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | 20.00 | 20.00 | 20.06 | 0.30 | 0.30 |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | 28.60 | 26.52 | 25.24 | -4.83 | -11.75 |
| 3 | വിറക് നാടൻ) | ക്വിന്റൽ | 486.67 | 495.00 | 495.00 | 0.00 | 1.71 |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | 396.50 | 397.39 | 396.29 | -0.28 | -0.05 |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | 391.50 | 391.68 | 390.57 | -0.28 | -0.24 |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | 55.94 | 48.55 | 47.74 | -1.67 | -14.66 |



## അനുബന്ധം

| സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് | | | | | | | |
|---|---|---|---|---|---|---|---|
| നം | ഇനങ്ങൾ | അളവ് | നവംബർ 2018 | ഒക്ടോബർ 2019 | നവംബർ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 38.32 | 40.06 | 40.48 | 1.05 | 5.64 |
| 2 | ചമ്പ | കിലോഗ്രാം | 43.20 | 40.00 | 40.00 | 0.00 | -7.41 |
| 3 | റോസ് | കിലോഗ്രാം | 38.31 | 41.06 | 41.56 | 1.22 | 8.48 |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | 35.95 | 37.43 | 37.60 | 0.45 | 4.59 |
| 5 | ജയ | കിലോഗ്രാം | 35.76 | 37.55 | 37.98 | 1.15 | 6.21 |
| 6 | ഗോതമ്പ് | കിലോഗ്രാം | 34.38 | 34.81 | 35.58 | 2.21 | 3.49 |
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 85.68 | 94.21 | 96.66 | 2.60 | 12.82 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 90.28 | 97.82 | 99.93 | 2.16 | 10.69 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 86.58 | 99.20 | 122.96 | 23.95 | 42.02 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 84.85 | 94.84 | 115.67 | 21.96 | 36.32 |
| 5 | വൻപയർ | കിലോഗ്രാം | 68.37 | 83.75 | 83.99 | 0.29 | 22.85 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 82.88 | 98.36 | 98.63 | 0.27 | 19.00 |
| 7 | കടല(വലുത്) | കിലോഗ്രാം | 74.52 | 78.50 | 78.50 | 0.00 | 5.34 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 67.33 | 75.06 | 74.68 | -0.51 | 10.92 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 62.31 | 70.90 | 69.85 | -1.48 | 12.10 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 70.12 | 72.77 | 73.42 | 0.89 | 4.71 |
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 37.57 | 38.87 | 38.61 | -0.67 | 2.77 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 151.23 | 156.83 | 158.55 | 1.10 | 4.84 |
| 3 | ശർക്കര | കിലോഗ്രാം | 54.53 | 55.38 | 58.30 | 5.27 | 6.91 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 55.92 | 54.60 | 57.48 | 5.27 | 2.79 |
| 5 | ആട്ടിറച്ചി(എല്ലോടുകൂടിയത്) | കിലോഗ്രാം | 550.71 | 583.21 | 585.00 | 0.31 | 6.23 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 104.74 | 100.52 | 113.45 | 12.86 | 8.32 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 145.40 | 148.00 | 148.40 | 0.27 | 2.06 |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 161.62 | 162.96 | 164.00 | 0.64 | 1.47 |
| | എണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 175.89 | 185.13 | 185.31 | 0.10 | 5.36 |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | 155.13 | 155.50 | 154.00 | -0.96 | -0.73 |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | 96.98 | 99.31 | 100.15 | 0.85 | 3.27 |
| 4 | നല്ലെണ്ണ | ലിററർ | 198.24 | 210.21 | 208.00 | -1.05 | 4.92 |
| 5 | കടുക് എണ്ണ | ലിററർ | 144.00 | 132.50 | 132.50 | 0.00 | -7.99 |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | 96.86 | 98.79 | 98.99 | 0.20 | 2.20 |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | 98.60 | 99.46 | 99.77 | 0.31 | 1.19 |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 174.48 | 182.07 | 183.67 | 0.88 | 5.27 |

| നം | ഇനങ്ങൾ | അളവ് | നവംബർ 2018 | ഒക്ടോബർ 2019 | നവംബർ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| | | | | | | | |
| 1 | മല്ലി | കിലോഗ്രാം | 86.90 | 98.39 | 98.67 | 0.28 | 13.54 |
| 2 | മുളക് | കിലോഗ്രാം | 125.36 | 171.82 | 180.60 | 5.11 | 44.07 |
| 3 | ഉള്ളി | കിലോഗ്രാം | 53.91 | 63.36 | 93.09 | 46.92 | 72.68 |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | 166.50 | 143.57 | 146.69 | 2.17 | -11.90 |
| 5 | ജീരകം | 100 ഗ്രാം | 29.46 | 29.59 | 29.80 | 0.71 | 1.15 |
| 6 | കടുക് | 100 ഗ്രാം | 9.12 | 9.55 | 9.57 | 0.21 | 4.93 |
| 7 | ഉലുവ | 100 ഗ്രാം | 9.64 | 10.09 | 10.01 | -0.79 | 3.84 |
| 8 | മഞ്ഞൾ പൊടി | 100 ഗ്രാം | 18.47 | 18.59 | 18.74 | 0.81 | 1.46 |
| 9 | വെളുത്തുള്ളി | 100 ഗ്രാം | 6.51 | 21.09 | 21.87 | 3.70 | 235.94 |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | 462.48 | 406.00 | 398.92 | -1.74 | -13.74 |
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | 34.25 | 34.05 | 33.47 | -1.70 | -2.28 |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | 26.72 | 26.83 | 27.03 | 0.75 | 1.16 |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | 33.99 | 30.73 | 34.97 | 13.80 | 2.88 |
| 4 | ചേമ്പ് | കിലോഗ്രാം | 50.68 | 60.42 | 53.37 | -11.67 | 5.31 |
| 5 | ബീററൂട്ട് | കിലോഗ്രാം | 32.42 | 41.07 | 44.56 | 8.50 | 37.45 |
| 6 | കാരററ് | കിലോഗ്രാം | 55.95 | 50.77 | 60.11 | 18.40 | 7.44 |
| | | | | | | | |
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | 24.23 | 47.48 | 74.97 | 57.90 | 209.41 |
| 2 | വഴുതന | കിലോഗ്രാം | 33.48 | 35.80 | 45.23 | 26.34 | 35.10 |
| 3 | മത്തങ്ങ | കിലോഗ്രാം | 19.14 | 23.66 | 25.87 | 9.34 | 35.16 |
| 4 | വെള്ളരിക്ക | കിലോഗ്രാം | 20.95 | 35.63 | 26.61 | -25.32 | 27.02 |
| 5 | വെണ്ടക്ക | കിലോഗ്രാം | 31.79 | 37.70 | 39.34 | 4.35 | 23.75 |
| 6 | ബീൻസ്(ഇംഗ്ളീഷ്) | കിലോഗ്രാം | 41.37 | 52.46 | 43.20 | -17.65 | 4.42 |
| 7 | വള്ളിപ്പയർ | കിലോഗ്രാം | 44.03 | 55.71 | 53.46 | -4.04 | 21.42 |
| 8 | കാബേജ് | കിലോഗ്രാം | 25.87 | 31.50 | 33.77 | 7.21 | 30.54 |
| 9 | പാവയ്ക്ക | കിലോഗ്രാം | 44.26 | 49.25 | 55.23 | 12.14 | 24.79 |
| 10 | കുമ്പളങ്ങ | കിലോഗ്രാം | 21.70 | 27.32 | 29.20 | 6.88 | 34.56 |
| 11 | പടവലങ്ങ | കിലോഗ്രാം | 31.23 | 37.89 | 39.27 | 3.64 | 25.74 |
| 12 | തക്കാളി | കിലോഗ്രാം | 21.41 | 36.86 | 31.23 | -15.27 | 45.87 |
| 13 | പച്ചമുളക് | 100 ഗ്രാം | 4.20 | 5.11 | 5.35 | 4.70 | 27.38 |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | 39.65 | 48.96 | 41.87 | -14.48 | 5.60 |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | 30.15 | 37.95 | 35.83 | -5.59 | 18.84 |

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2018 | സപ്തംബർ 2019 | ഒക്ടോബർ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്( നാഗ്പൂർ) | കിലോഗ്രാം | 54.91 | 73.63 | 65.45 | -11.11 | 19.20 |
| 2 | മുസമ്പി | കിലോഗ്രാം | 59.23 | 73.97 | 90.27 | 22.04 | 52.41 |
| 3 | മാതളം | കിലോഗ്രാം | 105.50 | 128.54 | 120.58 | -6.19 | 14.29 |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | 109.60 | 104.38 | 106.00 | 1.55 | -3.28 |
| 5 | ഏത്തപ്പഴം | കിലോഗ്രാം | 46.05 | 59.30 | 50.22 | -15.31 | 9.06 |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | 31.17 | 36.86 | 31.30 | -15.08 | 0.42 |
| 7 | വാഴപ്പഴം രസകദളി/ | കിലോഗ്രാം | 52.84 | 58.50 | 47.41 | -18.96 | -10.28 |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | 48.11 | 57.18 | 52.17 | -8.76 | 8.44 |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | 27.41 | 33.65 | 30.63 | -8.97 | 11.75 |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | 100.00 | 109.96 | 103.33 | -6.03 | 3.33 |
| 11 | തണ്ണിമത്തൻ | കിലോഗ്രാം | 31.04 | 23.96 | 25.64 | 7.01 | -17.40 |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | 83.39 | 87.98 | 85.69 | -2.60 | 2.76 |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | 72.18 | 79.77 | 78.09 | -2.11 | 8.19 |
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | 20.00 | 20.00 | 20.06 | 0.30 | 0.30 |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | 28.60 | 26.52 | 25.24 | -4.83 | -11.75 |
| 3 | വിറക് നാടൻ) | ക്വിന്റൽ | 486.67 | 495.00 | 495.00 | 0.00 | 1.71 |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | 396.50 | 397.39 | 396.29 | -0.28 | -0.05 |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | 391.50 | 391.68 | 390.57 | -0.28 | -0.24 |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | 55.94 | 48.55 | 47.74 | -1.67 | -14.66 |